**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ ഭാഗമായി കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ച 101 ഭവനങ്ങളുടെ താക്കോൽദാന ചടങ്ങിന് ചെലവായ തുക തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2536/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **12/11/2019**

---

പരാമർശം:- 1. കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 29.7.2019ലേ 22(1) നമ്പർ തീരുമാനം.

2. കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറിന്റെ 16/8/2019 ലെ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ പണി കഴിപ്പിച്ച 101 ഭവനങ്ങളുടെ താക്കോൽദാന ചടങ്ങ് പഞ്ചായത്ത് ഓഫീസിനു സമീപം തയ്യാറാക്കിയ പ്രത്യേക വേദിയിൽ വെച്ച് 2019 ജൂലൈ മാസം 6- ാം തീയതിബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർവ്വഹിച്ചിരുന്നു. പ്രസ്തുത ചടങ്ങിന് ചെലവായ 1,18,500/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു നൽകണമെന്ന് കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പാർപ്പിട പദ്ധതിയുടെ ഭാഗമായി 101 ഭവനങ്ങളുടെ താക്കോൽദാന ചടങ്ങിന് ചെലവായ 1,18,500/- രൂപ (ഒരു ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

പ്രസിഡൻറ് /സെക്രട്ടറി, കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ